# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ഫെബ്രുവരി 1

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി നീട്ടി

ഒന്നും മൂന്നും സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ മുതൽ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - സീപാസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി മൂന്നുവരെയും 525 രൂപ പിഴയോടെ നാലുവരെയും 1050 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/158/2020)

## പരീക്ഷാഫലം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ-2018 അഡ്മിഷൻ/സപ്ലിമെന്ററി-2013 അഡ്മിഷൻ മുതൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/159/2020)

2019 ജൂണിൽ നടന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2017 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/160/2020)

## ഉത്തരക്കടലാസ് കൈപ്പറ്റണം

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. പരീക്ഷയുടെ മൂല്യനിർണയം (ഹോം വാല്യുവേഷൻ സ്പെഷൽ സ്കീം) എട്ട് മേഖലാ ക്യാമ്പുകളിലായി ക്രമീകരിച്ചു. ഫെബ്രുവരി നാലിന് എം.കോം, അഞ്ചിന് എം.എ., ആറിന് എം.എസ്സി., ഏഴിന് മറ്റു വിഷയങ്ങൾ എന്നിങ്ങനെയാണ് ക്രമീകരിച്ചിരിക്കുന്നത്. മൂല്യനിർണയ പട്ടികയിൽ ഉൾപ്പെട്ട അധ്യാപകർ അതത് മേഖല ക്യാമ്പുകളിൽനിന്നും ഉത്തരക്കടലാസുകൾ കൈപ്പറ്റണം.

(പി.ആർ.ഒ/39/161/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ